# വിജ്ഞാപനം

**നമ്പർ: 143/2010/സംതിക.** **തീയതി: തിരുവനന്തപുരം, 2010 മേയ് 20**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ **2010 മേയ് 20** -ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, കമ്മീഷന്റെ അതേ തീയതിയിലെ **142/2010/സം.തി.ക** നമ്പർ വിജ്ഞാപനപ്രകാരം, സംസ്ഥാനത്ത് കണ്ണൂർ ജില്ലയിലെ എം 50 മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ 07 മുണ്ടയോട് വാർഡിൽ നടത്തേണ്ട ഉപതിരഞ്ഞെടുപ്പ് സംബന്ധിച്ച് ;

| | | | |
|---|---|---|---|
| (എ) | 2010 മേയ് 27 (വ്യാഴം) | : | നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും ; |
| (ബി) | 2010 മേയ് 28 (വെള്ളി) | : | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള തീയതിയായും ; |
| (സി) | 2010 മേയ് 31 (തിങ്കൾ) | : | സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും ; |
| (ഡി) | 2010 ജൂൺ 15 (ചൊവ്വ) | : | ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും ; |
| (ഇ) | 2010 ജൂൺ 30 (ബുധൻ) | : | തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും ; |

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994-ലെ 20-ാം നിയമം) 105-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം-33

**ബി.ശ്രീദേവി**
സെക്രട്ടറി
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

# വിജ്ഞാപനം

**നമ്പർ: 144/2010/സംതിക.** **തീയതി: തിരുവനന്തപുരം, 2010 മേയ് 20**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ **2010 മേയ് 20** -ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, കമ്മീഷന്റെ, അതേ തീയതിയിലെ **143/2010/സം.തി.ക.** നമ്പർ വിജ്ഞാപനമനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തേണ്ട **എം 50 മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ 07 മുണ്ടയോട് വാർഡിൽ** വോട്ടെടുപ്പ് ആവശ്യമുള്ളപക്ഷം അത് നടത്തുന്നതിനുള്ള **സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി വരെയായി 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994 ലെ 20-ാം നിയമം) 126**-ാം വകുപ്പനുസരിച്ച്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം-33

**ബി.ശ്രീദേവി**
സെക്രട്ടറി
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ